**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1570 15/02/2016-ൽ മറുപടിയ്ക്ക്

# കാർഷിക വികസന നയം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.ദിവാകരൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കാർഷിക വികസന നയത്തിലെ ഏതെല്ലാം ശിപാർശകളാണ് ഈ സർക്കാർ നടപ്പിലാക്കിയത്; അതിലൂടെ കർഷകനും, കാർഷിക മേഖലയിലും ഉണ്ടായ മെച്ചമെന്താണെന്ന് വിശദമാക്കാമോ? | എ) സംസ്ഥാന സർക്കാരിന്റെ കാർഷിക വികസന നയത്തിലെ താഴെപ്പറയുന്ന ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്. |

കൃഷി വകുപ്പിനെ ആധുനികവൽക്കരിച്ച് "കാർഷിക വികസന കർഷകക്ഷേമ വകുപ്പ്"എന്ന് പുനർനാമകരണം ചെയ്യണം എന്ന ശുപാർശ സർക്കാർ ഉത്തരവ് (കൈ.) നം.22/2016/കൃഷി തീയതി, 23.01.2016 പ്രകാരം പ്രാവർത്തികമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു. പ്രസ്തുത നടപടിയിലൂടെ കാർഷിക വികസനത്തിനും കർഷകരുടെ ക്ഷേമത്തിനും ഊന്നൽ നൽകുന്ന പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുവാനും ഏകോപിപ്പിക്കുവാനും ജനോപകാരപ്രദമാക്കാനുമുള്ള നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുകയും കർഷകനില്ലാതെ കൃഷിയില്ല എന്ന തത്വം ഉറപ്പിക്കുന്ന രീതിയിൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യും.

**ശുപാർശ**

നീരയുടേയും അതിൽ നിന്നുള്ള ഉപോല്പന്നങ്ങളുടേയും ഉത്പ്പാദനവും വിജയകരമായ വിപണനവും സാദ്ധ്യമാക്കുന്നതിലൂടെ കർഷകന് ആദായവും തൊഴിലെടുക്കുന്നവർക്ക് മികച്ച വേതനവും സർക്കാരിന് ഗണ്യമായ നികുതിവരുമാനവും ഉറപ്പുവരുത്താനാകും.

ശുപാർശയിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ പരിഗണിച്ചുകൊണ്ട് പുറപ്പെടുവിച്ച 22.06.2015-ലെ

സ.ഉ(എം.എസ്) നം.111/2015/കൃഷി ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.

**ശുപാർശ**

വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വിദ്യാലയങ്ങളിലെ പച്ചക്കറിത്തോട്ടങ്ങളും പച്ചക്കറി ഉത്പാദനത്തിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കാൻ കാരണമായതു കൊണ്ടുതന്നെ ഇവ തുടർന്നു പോകണം.

പദ്ധതി തുടർന്നു നടപ്പിലാക്കുന്നതിന് 2015-16-ൽ 64 കോടി രൂപയും 2016-17-ൽ 74.3 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തുക വഴി വരുംതലമുറയിൽ കൃഷിയുടെ അവബോധം ഊട്ടിയുറപ്പിക്കുന്നതിനും പച്ചക്കറി ഉല്പാദനത്തിൽ ഏതാണ്ട് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**ശുപാർശ**

കാർഷികനയത്തിൽ നിലവിലുള്ള സംസ്ഥാന ജലനയം ആധാരമാക്കി തുടക്കമിട്ടുള്ള പദ്ധതികൾക്കൊപ്പം ജലത്തിന്റെ സംരക്ഷണവും സുസ്ഥിരമായ ഉപയോഗവും ലക്ഷ്യമിട്ടുള്ളതാകണം എല്ലാ കാർഷിക ഉത്പാദന പദ്ധതികളും. എല്ലാ ജില്ലകളിലും നിലവിൽ ജില്ലാതല ജലസേചന പ്ലാനുകൾ തയ്യാറാക്കി അന്തിമ രൂപം നൽകുന്ന ഘട്ടത്തിലാണ്. പ്രസ്തുത പ്ലാൻ പ്രകാരം കാർഷിക നയത്തിൽ മേൽ സൂചിപ്പിച്ച ശുപാർശ ഉൾപ്പെടെയുള്ളവ പ്രാവർത്തികമാക്കുവാൻ സാധിക്കുകയും അതുവഴി കേരളത്തിലെ കാർഷിക ക്രമം, ഭൂവിനിയോഗം, ജലസ്രോതസ്സുകളുടെ അവസ്ഥ, പാരിസ്ഥിതിക ആവശ്യങ്ങൾ എന്നിവ കൂട്ടിയിണക്കി ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിനും കാർഷിക അനുബന്ധ മേഖലകളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും സാധിക്കും.

**ശുപാർശ**

കർഷകക്ഷേമ ബോർഡ് രൂപവല്കരണം -

കർഷക ക്ഷേമ ബോർഡ് രൂപീകരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ബോർഡ് രൂപീകരണം പ്രാവർത്തികമാകുന്നതോടെ കേരള സംസ്ഥാനത്തെ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആശ്വാസം പകരുന്നതിനായും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനായും അവർക്ക് പെൻഷനും മറ്റ്

ആനുകൂല്യങ്ങളും നൽകുന്നതിനായും മറ്റ് കാര്യങ്ങൾക്കും വേണ്ടി സഹായകരമാകും.

മൃഗ സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ നയങ്ങൾ താഴെപ്പറയുന്നു.

(i) നയം 175 - 24 മണിക്കൂർ മൃഗചികിത്സാ സേവനം - ഇതുവരെ 36 ബ്ളോക്കിലും 4 കോർപ്പറേഷനിലും നടപ്പിലാക്കി.

(ii) നയം- 66 - സെൻറർ ഓഫ് എക്സലൻസ് ഇൻ അനിമൽ ഹസ്ബൻററി - 2 കോടി രൂപയിൽ കൂടുതൽ സൗകര്യമുള്ള പരിശീലന കേന്ദ്രത്തിന് അനുമതി നല്കിയിട്ടുണ്ട്

(iii) നയം 181 - കന്നുകുട്ടി പരിപാലന പദ്ധതി - ഈ വർഷം ഏകദേശം 30,000 പശുക്കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആർ.കെ.വി.വൈ പദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്

(iv) കർഷക രജിസ്ട്രേഷൻ - 3,40,000 കർഷകരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ഭാവിയിൽ ഈ രംഗത്തെ ആനുകൂല്യങ്ങൾ കർഷകർക്കാണ് നൽകുക.

(v) കർഷക അവാർഡ് - നിലവിൽ 5 വിഭാഗങ്ങളിലായി നൽകി വരുന്ന അവാർഡ് കഴിഞ്ഞ വർഷം മുതൽ 6 ആക്കി. വ്യാവസായികാടിസ്ഥാനത്തിൽ പശുക്കളെ വളർത്തുന്ന കർഷകരേയും ഉൾപ്പെടുത്തി.

(vi) ഫീഡ് സേഫ്റ്റി ആക്ട് & അതോറിറ്റി ലാബ് - തീറ്റയുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനുള്ള നിയമത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ തീറ്റ പരിശോധിക്കുവാനുള്ള അംഗീകൃത ലബോറട്ടറി തിരുവനന്തപുരത്ത് പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ആഫീസിലെ ലബോറട്ടറിയിൽ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(vii) നയം 213 - അടുക്കളമുറ്റത്തെ കോഴിവളർത്തൽ വ്യാപിപ്പിക്കുവാനായി 250 ലക്ഷം രൂപ ചെലവിൽ സ്കൂൾ പൗൾട്രി ക്ളബുകൾ സ്ഥാപിച്ച് 766 സ്കൂളുകളിലായി 38300 കുട്ടികൾക്ക് 5 കോഴിക്കുഞ്ഞും, തീറ്റയും, മരുന്നും നൽകുന്ന പദ്ധതി നടപ്പാക്കി.

(viii) നയം 213 - കോഴി വളർത്തൽ പദ്ധതി - വകുപ്പിന്റെ ഫാമുകൾ ശാക്തീകരിച്ച് ഗുണമേന്മയുള്ള കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക്

നൽകുവാൻ നടപടി സ്വീകരിച്ചു. മലപ്പുറം ജില്ലയിലെ ഇടവണ്ണയിൽ പുതിയ ഹാച്ചറി കോംപ്ലക്സ് സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ix) നയം 213, 214 - താറാവുവളർത്തൽ -

a) ഈ സാമ്പത്തിക വർഷം 968 കർഷകർക്കായി 10 താറാവിൻ കുഞ്ഞുങ്ങളെ വീതം നൽകുന്ന പദ്ധതി നടപ്പാക്കി.

b) ഏകജാലക സംവിധാനം - താറാവുകളിലെ രോഗനിർണ്ണയം, ചികിത്സ, വാക്സിൻ, സംഭരണ വിതരണം തുടങ്ങി കർഷകർക്ക് സഹായകരമാവുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നൽകുവാനായി ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് വെറ്റിനറി പോളിക്ളിനിക്കിൽ സൗകര്യമൊരുക്കി.

c) താറാവ് ഇൻഷ്വറൻസ്- കുട്ടനാട് മേഖലയിലെ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ജില്ലകളിൽ താറാവുകളെ സൗജന്യമായി ഇൻഷ്വറൻസ് ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

d) ഉൽപ്പന്ന വിപണന ശൃംഖല - താറാവിന്റെ മുട്ട, ഇറച്ചി, എന്നീ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് താറാവ് കർഷകനെ സഹായിക്കുവാനായി 35 ലക്ഷം രൂപ ചെലവിൽ 5 മാർക്കറ്റിംഗ് നെറ്റ്വർക്ക് കുട്ടനാട് മേഖലയിൽ നടപ്പിലാക്കിവരുന്നു.

e) താറാവ് ഹാച്ചറിയും പരിശീലന കേന്ദ്രവും തിരുവല്ല മഞ്ചാടി പക്ഷിരോഗ നിർണ്ണയ ലബോറട്ടറി കോംപ്ലക്സിൽ പണി പൂർത്തിയായി വരുന്നു. താറാവ് കർഷകർക്ക് ശാസ്ത്രീയ പരിശീലനവും മുട്ട വിരിയിച്ച് നൽകുവാനുള്ള ഹാച്ചറിയും അവിടെ സജ്ജമാകും. പക്ഷിപ്പനി മൂലം കർഷകർക്കുണ്ടായ നഷ്ടം നികത്തുവാൻ ഈ പ്രവർത്തനങ്ങൾ സഹായകരമാവും.

(IX) നയം 179 - ആടുവളർത്തൽ -ആടുവളർത്തൽ മേഖല ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് മികച്ച സേവനം നൽകുന്നതിനുമായി സംസ്ഥാനത്ത് ആടു വികസന ബോർഡ് (Goat Development Board) സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ കൊമേരി ആടുവളർത്തൽ കേന്ദ്രം ആർ.കെ.വി.വൈ പദ്ധതിയിൽ ശാക്തീകരിച്ചു വരുന്നു. കാസർഗോഡ് ജില്ലയിൽ ബദിയടുക്കയിൽ പുതിയ ആടുവളർത്തൽ കേന്ദ്രം തുടങ്ങുവാനും നടപടികൾ പുരോഗമിച്ചു വരുന്നു.

(IX) നയം 179 - നാടൻ ജനുസ്സുകളുടെ സംരക്ഷണം ലക്ഷ്യമിട്ട് കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി വകുപ്പ് കാസർഗോഡ് ബദിയടുക്കയിൽ ഒരു ഫാം ആരംഭിച്ചു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം - I

**കേരള സർക്കാർ**

സംഗ്രഹം

കൃഷി വകുപ്പിനെ 'കാർഷികവികസന കർഷകക്ഷേമ വകുപ്പ്' (Agriculture Development and Farmers' Welfare Department) എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (കൃഷി) വകുപ്പ്**

**സ.ഉ. (കൈ.)നം.22/2016/കൃഷി** **തീയതി, തിരുവനന്തപുരം, 23.01.2016.**

പരാമർശം :- കൃഷി വകുപ്പ് ഡയറക്ടറുടെ 20.10.2014- ലെ റ്റി. പി (2)47616/14 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസനത്തിനും കർഷകരുടെ ക്ഷേമത്തിനും ഊന്നൽ നൽകുന്ന വിവിധ പദ്ധതികളാണ് കൃഷി വകുപ്പ് രൂപീകരിച്ച് നടപ്പിലാക്കുന്നതെന്നതിനാൽ കൃഷി വകുപ്പിനെ 'കാർഷികവികസന കർഷകക്ഷേമ വകുപ്പ്' (Agriculture Development and Farmers' Welfare Department) എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. എസ്. അനിൽകുമാർ,**

ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി & സെക്രട്ടറി (i/c)

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വകുപ്പുമേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

കൃഷി വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 8076).
വിവര-പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

Circulated
PB
PB 2

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :- ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
കാർഷികോല്പാദന കമ്മീഷണറുടെ പി. എസ്സിന്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി. എസ്സിന്
കൃഷി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

സെക്ഷൻ ഓഫീസർ.

അനുബന്ധം - 2.

# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് – നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(എം.എസ്.) നം.111/2015/കൃഷി തിരുവനന്തപുരം, തീയതി, 22.06.2015

---

പരാമർശം :- നീര ഉത്പാദനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18/05/2015-ന് ചേർന്ന യോഗത്തിലെ തീരുമാനം.

## ഉത്തരവ്

നീര ഉത്പാദനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18/05/2015-ന് ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

i. നാളീകേര നീര ബോർഡിന്റെ മുഖ്യ ചുമതല നീര മാർക്കറ്റിങ് പ്രമോട്ട് ചെയ്യുക എന്നതായിരിക്കും.

ii. നീര ചെത്തുന്നതിന് ലൈസൻസിനായി അപേക്ഷിക്കുന്ന എല്ലാ അപേക്ഷകർക്കും ലൈസൻസ് ലഭിക്കും. ലൈസൻസ് ജില്ലാ തലത്തിലുള്ള ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ നൽകേണ്ടതാണ്.

iii. നീര ചെത്തുകാരെ തിരഞ്ഞെടുക്കുമ്പോൾ പരമ്പരാഗത ചെത്ത്കാർക്ക് മുൻഗണന നൽകേണ്ടതാണ്.

iv. കള്ള് ചെത്ത് വ്യവസായം പുനഃരുജ്ജീവിപ്പിക്കുന്നതിനായി നികുതി വകുപ്പ് സെക്രട്ടറി ചെയർമാനായും എക്സൈസ് കമ്മീഷണർ മെമ്പറായും ടോഡി ബോർഡ് രൂപീകരിക്കുന്നതാണ്.

v. പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന ടോഡി ബോർഡിന് ഓഹരിമൂലധനമായി 1 കോടി രൂപ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ നിന്ന് നൽകേണ്ടതാണ്.

vi. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 362 നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകളിൽ 173 എണ്ണത്തിനുമാത്രമേ നികുതി വകുപ്പിന്റെ 14/02/2014-ലെ സ.ഉ.(പി) 27/2014/നി.വ. (SRO 116/2014) പ്രകാരം ലൈസൻസ് നൽകിയിട്ടുള്ളൂ. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സൊസൈറ്റികൾ / ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുവാൻ വേണ്ട നടപടി നികുതി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

vii. 14/02/2014-ലെ സ.ഉ.(പി) 27/2014/നി.വ. (SRO 116/2014) പ്രകാരം സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് &മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി / സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നല്കി ഉത്തരവായിട്ടുണ്ട്. ഇതു കൂടാതെ കേരഫെഡിനു കൂടി അനുമതി നൽകുവാനുള്ള നടപടി നികുതി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

viii. 1500 തെങ്ങുകൾ ചെത്തുവാനുള്ള ലൈസൻസാണ് നിലവിൽ നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകൾക്ക് നൽകിയിരിക്കുന്നത് ഇത് 5000 ആയി വർദ്ധിപ്പിക്കുന്നതാണ്. കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികൾ അതായത് നാളീകേര വികസന കോർപ്പറേഷൻ, കേരള കാർഷിക സർവ്വകലാശാല, കെയ്കോ, കേരഫെഡ് എന്നിവയ്ക്ക് ചെത്തുവാനുള്ള തെങ്ങുകളുടെ എണ്ണം പരിമിതപ്പെടുത്തേണ്ടതില്ല. ഇതിനുള്ള നടപടി നികുതി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

ix. നീര ടെക്നീഷ്യൻമാരുടെ ട്രെയിനിംഗുമായി ബന്ധപ്പെട്ട് ഏകീകൃത കരിക്കുലം നാളീകേര വികസന ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകൾ എന്നിവയുടെ ട്രെയിനിംഗ് നാളീകേര വികസന ബോർഡ് നടത്തുകയും വിലയിരുത്തേണ്ടതുമാണ്. കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികളുടെ നാളീകേര വികസന ബോർഡ് കരിക്കുലം അനുസരിച്ച് ട്രെയിനിംഗ് നടപ്പാക്കേണ്ടതാണ്. ഇത് കേരള

കാർഷിക സർവ്വകലാശാല വിളയിരുത്തുന്നതായിരിക്കും. നീര ടെക്നീഷ്യൻമാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതായിരിക്കും. ട്രെയിനിംഗിന് കൃഷി വകുപ്പ് ഏജൻസികളേയും നാളികേര വികസന ബോർഡിനെയും കണക്കിൽപ്പെടുത്തി മൊത്തം 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതാണ്. ഇതിനുള്ള നടപടി കൃഷി വകുപ്പ് മുഖാന്തിരം സ്വീകരിക്കേണ്ടതാണ്.

x. (I) നീര ഉത്പാദനത്തിനായി നാളികേര ഉത്പാദക സൊസൈറ്റികൾ / ഫെഡറേഷനുകൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് സഹായധനമായി ചിലവിന്റെ 25 ശതമാനമോ 50 ലക്ഷമോ ഏതാണ് കുറവ് അത് നൽകുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നാളികേര വികസന ബോർഡ് താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി ശുപാർശ സഹിതം സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടതും അതിനനുസൃതമായി സർക്കാർ തുക നാളികേര വികസന ബോർഡിന് നൽകുന്നതുമായിരിക്കും.

(II) കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികളുടെ പ്രൊപ്പോസലുകൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം പരിശോധിച്ച് താഴെ പറയുന്ന നിബന്ധനകൾക്കനുസൃതമായി വ്യക്തമായ ശുപാർശ സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതാണ്. തുക സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി വിതരണം ചെയ്യാവുന്നതാണ്. ഇതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

<u>നിബന്ധന</u>

- ക്രഡിറ്റ് ലിങ്ക്ഡ്
- ബാക്ക് എൻഡ് സബ്സിഡി
- കെട്ടിട നിർമ്മാണത്തിനുള്ള തുക മൊത്തം ചിലവിന്റെ 25 ശതമാനമോ അതിൽ കുറവോ ആയിരിക്കണം.

xi. കർഷകർ സ്വയം കണ്ടെത്തുന്ന തുകയുടെ 25 ശതമാനം മൂലധന സഹായമായി കർഷക ഉത്പാദക കമ്പനികൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നൽകുന്നതിനായി 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതാണ്. ഇതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

xii. മേൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾക്കായി ബഡ്ജറ്റ് വിഹിതമായി 32 കോടി രൂപ അഡിഷണൽ ഓതറൈസേഷൻ വഴി ധനകാര്യ വകുപ്പ് ലഭ്യമാക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജിജി തോംസൺ**
**ചീഫ് സെക്രട്ടറി**

കൃഷി ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
നാളികേര വികസന ബോർഡ്, കൊച്ചി.
കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
കേരഫെഡ്, തിരുവനന്തപുരം.
സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFAC), തിരുവനന്തപുരം.
കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
നികുതി വകുപ്പ്.
ഡയറക്ടർ, ഐ. & പി.ആർ. വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ.